# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

21/01/2014- ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1594

## നഗരസഭാ ജീവനക്കാരുടെ പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ. മഞ്ഞളാംകുഴി അലി. (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) നഗരസഭകളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് സംസ്ഥാനത്തിനകത്ത് മറ്റേതെങ്കിലും നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്നതിനായി ഓപ്ഷൻ നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഓപ്ഷൻ അനുസരിച്ച് പെൻഷൻ നൽകാറുണ്ടോ; | (എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ 1996 ലെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്സ് ചട്ടങ്ങൾ പ്രകാരം കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സൌകര്യപ്രദമായ നഗരസഭ തെരഞ്ഞെടുക്കാവുന്നതാണ്. അപ്രകാരം ഓപ്ഷൻ നൽകുന്ന ജീവനക്കാർക്ക് അതനുസരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകാറുണ്ട്. |
| (ബി എന്നാൽ, ഇത്തരത്തിൽ തിരുവനന്തപുരം നഗരസഭ ഓപ്റ്റ് ചെയ്തവർക്കു പെൻഷൻ നൽകേണ്ടതില്ലെന്ന് തിരുവനന്തപുരം നഗരസഭ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) തിരുവനന്തപുരം നഗരസഭാ കൌൺസിലിന്റെ 28/11/2013 ലെ 2(1)നം യോഗതീരുമാനപ്രകാരം മറ്റു നഗരസഭകളിൽ നിന്നും വിരമിക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തിരുവനന്തപുരം നഗരസഭ ഓപ്റ്റ് ചെയ്യുകയും ചെയ്യുവർക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്നും തന്നെ പെൻഷൻ ആനുകൂല്യങ്ങൾ നൽകണമെന്ന ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനും മറ്റു നഗരസഭകളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് അതാത് നഗരസഭകളിൽ നിന്നും തന്നെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിനും തീരുമാനിച്ച് പ്രമേയം പാസ്സാക്കിയിട്ടുള്ളതാണ്.<br>തിരുവനന്തപുരം നഗരസഭയുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക പ്രതിസന്ധിമൂലം മറ്റു നഗരസഭകളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ |

| | | | |
|---|---|---|---|
| | | | കഴിയില്ലായെന്നതാണ് ഇതിന് ആധാരമാക്കിയിട്ടുള്ളത്. |
| (സി) | നിയമവിധേയമ ല്ലാത്ത ഈ തീരുമാനം റദ്ദുചെയ്യു ന്നതു സംബന്ധിച്ച് കത്തു ലഭിച്ചിട്ടുണ്ടോ; എങ്കിൽ, എന്തു നടപടി അതിന്മേൽ സ്വീകരിച്ചിട്ടുണ്ട്; | (സി) | ഇല്ല. എന്നാൽ കൌൺസിൽ തീരുമാനത്തിൻറെ പകർപ്പ് ലഭ്യമാക്കിയതിൻറെ അടിസ്ഥാനത്തിൽ ഇക്കര്യത്തിൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയോട് നഗരകാര്യ ഡയറക്ടർ വിശദീകരണം തേടിയിട്ടുണ്ട്. |
| (ഡി) | പെൻഷൻ നൽകുന്നതിനു ഫണ്ടില്ലാത്ത സ്ഥിതിയുണ്ടോ ; തിരുവനന്തപുരം നഗരസഭയ്ക്ക് ഇക്കാര്യത്തിനു ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്നു വിശദമാക്കുമോ; | (ഡി) | ഫണ്ടിൻറെ അപര്യാപ്തത നിലവിലുണ്ട്. നഗരസഭാ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി തിരുവനന്തപുരം നഗരസഭയ്ക്ക് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഇ) | നിയമവിരുദ്ധതീരുമാനം റദ്ദുചെയ്യു ന്ന തിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | ഇക്കാര്യം സർക്കാർ പരിശോധിച്ച നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ